# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് അവർകളുടെ അദ്ധ്യക്ഷതയിൽ ഓഫീസിലെ ചേംബറിൽ 23.11.2011 – ന് രാവിലെ 10.30 –ന് കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–**

**1. പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ**

**1.1 തൃശൂർ നഗരസഭ (ഫയൽ നം. 59242/എഫ്.എം.3/11/തസ്വഭവ)**

അടുത്ത യോഗത്തിലേയ്ക്ക് മാറ്റി

**1.2 പൊതു വിദ്യാഭ്യാസ വകുപ്പ് (ഫയൽ നം.63384/ഡി.ബി.2/11/തസ്വഭവ)**

സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും ശുദ്ധജലവും മതിയായ ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കേണ്ടതാണ്. ഗവൺമെന്റ് സ്ക്കൂളിൽ വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യതയും മതിയായ ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കുന്നതിന് അതാതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടായിരിക്കും. ഇതിലേയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിക്കാവുന്നതാണ്. മെയിന്റനൻസ് ഗ്രാന്റ് ലഭ്യമല്ലാത്ത പഞ്ചായത്തുകൾക്ക് വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഈ തുക മേഖലാ വിഭജനത്തിന് അതീതമായിരിക്കും. ഡിസംബർ 31–നു മുൻപ് എല്ലാ ഗവ.സ്ക്കൂളുകളിലും സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് അതാതു പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പവരുത്തേണ്ടതാണ്. അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ചും ഇതേ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.3 ഇ.എം.എസ്. പാർപ്പിട പദ്ധതി (ഫയൽ നം.60909/ഡി.ബി.1/11/തസ്വഭവ)**

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ നല്ല വീട്ടിൽ സുജാതയുടെ അപേക്ഷ പ്രകാരം 14 സെന്റ് വസ്തുവിൽ വീട് നിർമ്മിച്ചിരിക്കുന്നതിന് നിയമപ്രകാരം ആവശ്യമുള്ളതൊഴികെയുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് പഞ്ചായത്തുമായി വച്ചിട്ടുള്ള ബോണ്ട് റിലീസ് ചെയ്യുന്നതിനും ബോണ്ട് വീടിന്റെ കാര്യത്തിൽ മാത്രമായി പുതുക്കി നൽകുന്നതിനും അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.4 ഇൻഫർമേഷൻ കേരള മിഷൻ – എ.എം.സി (ഫയൽ നം. 52507/ഐ.ബി.1/11/തസ്വഭവ)**

ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഓരോ പഞ്ചായത്തും ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഒപ്പിടേണ്ടതാണെന്നും ആയത് നടപ്പാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.5 പത്തനംതിട്ട ജില്ലാപഞ്ചായത്ത് (ഫയൽ നം. 63766/ഡി.ബി.1/11/തസ്വഭവ)**

പുറമറ്റം ഗ്രാമപഞ്ചായത്തിലെ കാവുങ്കൽ പട്ടികജാതി കോളനിയിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതി ഈ വർഷം പുതിയ പദ്ധതിയായി ജനറൽ സെക്ടർ ഫണ്ടുപയോഗിച്ച് നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.6 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 62219/ഡി.ബി.1/11/തസ്വഭവ)**

HIV/AIDS ബാധിതർക്കുവേണ്ടി തയ്യാറാക്കിയ 10 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പദ്ധതിക്ക് അംഗീകാരം നൽകുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഇതര സംഘടനകളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.7 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 62233/ഡി.ബി.1/11/തസ്വഭവ)**

വികസനഫണ്ടിൽ നിന്ന് 3 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് 50,000 രൂപയും ഉൾപ്പെടെ ആകെ 3.50 ലക്ഷം രൂപ ആടങ്കൽ തുകയുടെ കേരളോത്സവം പദ്ധതി അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.8 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 60300/എഫ്.എം.1/11/തസ്വഭവ)**

1) നൂറാം തോട് ചിപ്പിലി തോട് മരുതിലാവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ

MG(R) ഫണ്ടു പയോഗിച്ച് പുതിയ റോഡ് നിർമ്മാണത്തിന് അനുമതി നൽകേണ്ടതില്ല.

2) താഴെ തട്ടുവച്ച പറമ്പത്ത് കാരയിൽ കനാൽ റോഡ് അടങ്കൽ തുക 50,000,00 രൂപ

MG(R) ഫണ്ടു പയോഗിച്ച് പുതിയ റോഡ് നിർമ്മാണത്തിന് അനുമതി നൽകേണ്ടതില്ല.

3) കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി

ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി കൈമാറിക്കിട്ടിയ മറ്റു സ്ഥാപനങ്ങളുടെ അവശ്യചെലവുകൾക്കുശേഷം ബാക്കി വന്ന തുകയാണെന്നുറപ്പാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.9 കൂത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ( ഫയൽ നം. 52482/ഡി.എ.2/11/തസ്വഭവ**

കർഷക ഗ്രൂപ്പുകൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സബ്സിഡി അനുവദനീയമല്ലാത്തതിനാൽ നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.10 വടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 59863/ഡി.ഡി.2/11/തസ്വഭവ)**

ഹോട്ടൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യത ഉണ്ട് എന്ന് കാണുന്ന സാഹചര്യത്തിൽ പ്രോജക്ടിന് അംഗീകാരം നൽകുന്നു. സർക്കാർ അംഗീകൃത ഏജൻസിയാണ് പരിശീലനം നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.11 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60766/ഡി.ഡി.2/11/തസ്വഭവ)**

കിടാരി പരിപാലനം വ്യത്യസ്തതയുള്ള പദ്ധതിയായതിനാലും കാലി സമ്പത്ത് വർദ്ധിപ്പിക്കുമെന്നതിനാലും അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.12 പള്ളിക്കൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 51337/ഡി.എ.2/11/തസ്വഭവ)**

പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള പദ്ധതി അംഗീകരിക്കാവുന്നതാണ്. എന്നാൽ 8–ാം ക്ലാസ് വിദ്യാർത്ഥികൾക്ക് എസ്.സി ഡിപ്പാർട്ട്മെന്റ് സൈക്കിൾ നൽകുന്നതിനാൽ ഇരട്ടിപ്പ് ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ സ്കീമിൽ ഉദ്ദേശിച്ചിരിക്കുന്ന വിലയേക്കാൾ കൂടതൽ തുക ചെലവാക്കുവാൻ പാടില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.13 കുളനട ഗ്രാമപഞ്ചായത്ത് (ഫയൽ നം. 61058/ഡി.എ2/11/തസ്വഭവ)**

പഞ്ചായത്തിലെ എസ്.സി. കോളനികളിലെ മണ്ണ് സംരക്ഷണ പദ്ധതി ഈ വർഷം അവസാനിപ്പിക്കേണ്ടതാണെന്ന നിബന്ധനയിൽ അനുമതി നൽകുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.14 കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 82523/എ.ബി.3/08/തസ്വഭവ)**

പൊതു വഴി വിളക്കു സ്ഥാപിക്കുന്നത് വൻ സാമ്പത്തിക ബാദ്ധ്യത ആകുമെന്നതിനാൽ സമീപ വീടുകളിൽ നിന്നും വയർ വലിച്ച് ഓരോ ബൾബ് കത്തിച്ച് യാത്രക്കാർക്ക് സൗകര്യം ഒരുക്കുന്നതിന് ചെലവായ തുക അംഗീകരിച്ച് ഓഡിറ്റിലെ ബാദ്ധ്യത ഒഴിവാക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.15 കല്ലറ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 43341/ഡി.എ.2/11/തസ്വഭവ) ഇ– ടോയ്‌ലറ്റ്**

ഇ–ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിന് നിർവഹണ ഏജൻസിയായി കെൽട്രോണിനെ ചുമതലപ്പെടുത്താവുന്നതാണ്. ഇ–ടോയ്‌ലറ്റ് പദ്ധതി നടപ്പാക്കുവാൻ ഒരു ഗൈഡ്‌ലൈൻ ഉണ്ടാക്കുവാൻ ശുചിത്വ മിഷനോട് ആവശ്യപ്പെടാം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.16 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 44692/ഡി.ബി3/11/തസ്വഭവ)**

ജീപ്പ് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുന്ന വിവരം ലഭ്യമായശേഷം കോ–ഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.17 വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 61860/ഡി.എ2/11/തസ്വഭവ)**

1) പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നു. എന്നാൽ 8–ാം ക്ലാസ് വിദ്യാർത്ഥികൾക്ക് എസ്.സി ഡിപ്പാർട്ട്മെന്റ് സൈക്കിൾ നൽകുന്നതിനാൽ ഇരട്ടിപ്പ് ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ സ്കീമിൽ ഉദ്ദേശിച്ചിരിക്കുന്ന വിലയേക്കാൾ കൂടതൽ തുക ചെലവാക്കുവാൻ പാടില്ല.

2) പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലം സംരക്ഷിക്കുന്നതിന് 40 ഗുണഭോക്താക്കൾക്കും ആവശ്യമായ എസ്റ്റിമേറ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കേണ്ടതാണെന്നും പദ്ധതി നടത്തിപ്പിൽ സുതാര്യത ഉറപ്പാക്കേണ്ട താണെന്നും നിർദ്ദേശിച്ച് അംഗീകരിക്കുന്നു.

3) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ഫർണിച്ചർ (മേശ, കസേര) വാങ്ങി നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നു. ഗുണഭോക്താക്കൾക്ക് തന്നെ പ്രയോജനം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടക്കു പുറമേ</u>**

1) കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് (വികേന്ദ്രീകരണം) എന്നിവരെയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെയും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2) **വാർഷിക പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ (7454/11/DPD/SPB dated 19.11.2011)**

പന്ത്രണ്ടാം പദ്ധതി കരട് സമീപന രേഖ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് വിളിച്ചു ചേർത്ത യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്തു.

ഇപ്പോഴത്തെ സർക്കാർ ഉത്തരവ് അനുസരിച്ചു തന്നെ ഡി.പി.സി.യുടെയും TAG യുടെയും മുൻകൂർ അംഗീകാരം ഷെഡ്യൂൾ റിവിഷനുമായി ബന്ധപ്പെട്ട് ആവശ്യമില്ലെന്ന് തിരുമാനിച്ചു. TAG ഏതാണ്ട് എല്ലാ പദ്ധതികളും ക്ലിയറു ചെയ്ത് കഴിഞ്ഞെന്നും വ്യക്തമാക്കി. അടുത്ത വർഷം മുതൽ ഇപ്പോഴുള്ള TAG സംവിധാനത്തിനു പകരം സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചു.

പട്ടികജാതി/പട്ടികവർഗ ഡിപ്പാർട്ട്മെന്റ് പുതുക്കിയ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.സി/എസ്.റ്റി ഗുണഭോക്താക്കളുടെ ഭവന ധനസഹായം പുതുക്കുവാൻ തീരുമാനിച്ചു. എന്നാൽ IAY ഒഴികെയുള്ള സ്കീമുകളിൽ ഇത് അടുത്ത ധനകാര്യ വർഷം മുതൽ മാത്രമേ ബാധകമാവുകയുള്ളൂ.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3) **പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് റ്റി.എസ്.പി. ഫണ്ട് (എ5/1418/2011 തീയതി 24.09.2011, സെക്രട്ടറി, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്)**

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് 2008–09, 2009–10 വർഷങ്ങളിൽ റ്റി.എസ്.പി. ഇനത്തിൽ 180650/– രൂപ അനുവദിച്ചിരുന്നു. പട്ടികവർഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് തുടർന്നുള്ള വർഷങ്ങളിൽ റ്റി.എസ്.പി. ഫണ്ട് അനുവദിക്കുകയുണ്ടായില്ല. നേരത്തേ അനുവദിച്ചിരുന്ന തുകയായ 180650/– രൂപ തിരികെ അടയ്ക്കുന്നതിന് അനുമതി നൽകണമെന്ന പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 31.10.2009–ലെ 2–ാം നമ്പർ തീരുമാനപ്രകാരമുള്ള അപേക്ഷ അനുവദിക്കുന്നു.

(നടപടി: മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്)

യോഗം രാവിലെ 11.45–ന് അവസാനിച്ചു.